# നീര സംസ്കരണം: കരാറിൽ ഒപ്പുവച്ചു

കൊച്ചി: നീര ഉത്പാദനത്തിനും ഗവേഷണത്തിനും കൂടുതൽ കാലം കേടാകാതെ സൂക്ഷിച്ചുവയ്ക്കുവാൻ കഴിയുന്ന പുതിയ പായ്ക്കിംഗിനും നീരയിൽ പുതിയ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുമുള്ള സാങ്കേതികവിദ്യ കൈമാറ്റത്തിന് മൈസൂരിലെ സിഎഫ്ടിആർഐയും പാലക്കാട് നാളികേരോത്പാദക കമ്പനിയും കരാറിൽ ഒപ്പുവെച്ചു. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ രൂപീകരിച്ചിട്ടുള്ള 12 നാളികേരോത്പാദക കമ്പനികളിൽ ഒന്നാണ് പാലക്കാട് നാളികേരോത്പാദക കമ്പനി. ഇക്കഴിഞ്ഞ ദിവസം സിഎഫ്ടിആർഐയുടെ സ്ഥാപകദിനാഘോഷത്തോടനുബന്ധിച്ച് സിഎഫ്ടിആർഐയുടെ മൈസൂരിലുള്ള കാമ്പസിൽ നടന്ന ചടങ്ങിലാണ് ഇത് സംബന്ധിച്ചുള്ള കരാറായത്. സിഎഫ്ടിആർഐ നീരയിൽ നിന്നും പ്രധാനപ്പെട്ട 5 ഉത്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. നീര കോൺസൻട്രേറ്റ്, നീര ഹണി, കുപ്പിയിലും, ഗ്ലാസ് ബോട്ടിലിലും, കാനുകളിലും പായ്ക്ക് ചെയ്ത നീര എന്നിവയാണ് ഉത്പന്നങ്ങൾ.

കൂടുതൽ കാലം സംഭരിച്ച് വെയ്ക്കാൻ സാധിക്കുന്ന സാങ്കേതിക വിദ്യയാണ് വികസിപ്പിച്ചെടുത്തിട്ടുള്ളത്. കൈമാറ്റം ചെയ്യപ്പെടുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന പാലക്കാട് കമ്പനിയുടെ 'നീര ഉത്പന്നങ്ങൾ' ഉടൻ വിപണിയിലെത്തും. ദിവസേന 1 കോടി രൂപയുടെ വിറ്റുവരവാണ് പാലക്കാട് കമ്പനി പ്രതീക്ഷിക്കുന്നത്. കരാർ അനുസരിച്ച് വാർഷിക വിറ്റുവരവിന്റെ 1 ശതമാനം സിഎഫ്ടിആർഐക്ക് നൽകേണ്ടതുണ്ട്. പാലക്കാട് കമ്പനിക്ക് വേണ്ടി ചെയർമാൻ പി. വിനോദ്കുമാറും, സിഎഫ്ടിആർഐക്ക് വേണ്ടി സെക്രട്ടറി മല്ലിക കുമാറുമാണ് സിഎഫ്ടിആർഐ ഡയറക്ടർ ഡോ. രാമരാജശേഖരന്റെ സാന്നിധ്യത്തിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചത്.